# ഗവ. യു.പി.സ്കൂൾ ഏലപ്പാറ

## ഇടുക്കി ജില്ല

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-2026



*"Education is the most Powerful Weapon which you can use to change the world"*

Nelson Mandela

## Our Vision

*To create independent, innovative, morally upright children.*

## Our Mission

*Every child is different kinds of flowers. GUPS Elappara inspires our children to be passionate, life long learners and contribute in meaningful ways to Society.*

## PROFILE

| | |
|---|---|
| Name of School | : GUPS Elappara |
| Year of Establishment | : 1952 |
| Name of Village | : Elappara |
| Name of Cluster | : Elappara |
| Name of Panchayath | : Elappara |
| Name of Block | : Azhutha |
| Name of BRC | : Peermade |
| Name of District | : Idukki |
| Name of H.M | : L. Sangili |
| Mobile No. | : 9961277731 |
| Senior Assistant | : 9497324582 |
| Email ID | : govupselappara@gmail.com |
| School Code | : 30444 |
| Name of Taluk | : Peermade |
| School UDISE Code | : 32090600201 |
| face book | *:http//facebook.com.govt.upschoolelappara* |
| Instagram | *:http//www.instagram.com/gups_elappara igsh=YmJjb2VtcWo2ZmJO* |

# ആമുഖം

പ്രകൃതി കനിഞ്ഞനുഗ്രഹിച്ച മനോഹാരിതയും ഇളംമഞ്ഞും, കുളിരും പച്ചപ്പുമണിഞ്ഞ ഏലപ്പാറയുടെ ഹൃദയഭാഗത്തായി സ്ഥിതിചെയ്യുന്ന വിജ്ഞാന വൃക്ഷമാണ് ഗവ.യു.പി.സ്കൂൾ ഏലപ്പാറ. പീരുമേട് താലൂക്കിൽ ഏലപ്പാറ പഞ്ചായത്തിലെ തോട്ടം തൊഴിലാളികളുടെയും കർഷകത്തൊഴിലാളികളുടെയും മക്കളുടെ പ്രാഥമിക വിദ്യാഭ്യാസം ഉറപ്പാക്കുന്നതിനായി ഗവ.യുപി സ്കൂൾ ഏലപ്പാറ സ്ഥാപിതമായി. തമിഴ്, മലയാളം മീഡിയം ക്ലാസ്സുകളാണ് ആദ്യകാലങ്ങളിൽ ഉണ്ടായിരുന്നത് പിൽക്കാലത്ത് ഇംഗ്ലീഷ് മീഡിയം ക്ലാസുകളും ആരംഭിച്ചു. നാളിതുവരെ ഏതാണ്ട് 25000 വിദ്യാർത്ഥികൾ സ്കൂളിൽ നിന്നും വിദ്യാഭ്യാസം നേടിയിട്ടുണ്ട്.

സ്കൂൾ നിലവിൽ വരുമ്പോൾ ഷീറ്റും ഓടും മേഞ്ഞ മൂന്ന് ബിൽഡിംഗുകളാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് കോൺക്രീറ്റ് ബിൽഡിംഗ് ഉൾപ്പെടെ 8 കെട്ടിടങ്ങളിലായി സ്കൂൾ പ്രവർത്തിച്ചുവരുന്നു. മികച്ച ഭൗതിക സാഹചര്യം, തറയോട് പാകി വൃത്തിയാക്കിയ മുറ്റം, മികച്ച പ്രീപ്രൈമറി ക്ലാസ് റൂം, 6 സ്മാർട്ട് ക്ലാസ്സ് റൂമുകൾ, 10 ഡെസ്ക്ടോപ്പ് കമ്പ്യൂട്ടർ, 15 ലാപ്ടോപ്പുകൾ 25 ടാബ് എന്നിവ ഉൾപ്പെട്ട കമ്പ്യൂട്ടർ ലാബ്, ആധുനിക ടോയ്‌ലറ്റ് സൗകര്യം, Adapted toilet, മികച്ച അടുക്കള, ഡൈനിംങ് ഹാൾ, ആഡിറ്റോറിയം, കുട്ടികളുടെ പാർക്ക്, സ്കൂൾ ബസ്സ്, ചുറ്റുമതിൽ തുടങ്ങിയ സൗകര്യങ്ങളോടെ സ്കൂൾ പ്രവർത്തിച്ചുവരുന്നു.

## പൊതു വിശകലനം

തോട്ടം തൊഴിലാളികളും കർഷകരും അധിവസിക്കുന്ന പ്രദേശമാണ് ഏലപ്പാറ. സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നോക്കം നിന്നിരുന്ന ഈ പ്രദേശത്ത് 1952ൽ ഗവ. യു.പി.എസ് ഏലപ്പാറ സ്ഥാപിതമായി. ഈ മേഖലയുടെ വിദ്യാഭ്യാസ രംഗത്ത് ഈ വിദ്യാലയത്തിന്റെ സംഭാവന വിലമതിക്കാനാവാത്തതാണ്. ഏലപ്പാറ, കാവകുളം, ചെമ്മണ്ണ്, തണ്ണിക്കാനം, കോഴിക്കാനം, ഹെലിബറിയ, ലക്ഷംവീട്, കടുവാപ്പാറ, 15 ഏക്കർ, മേമല, പള്ളിക്കുന്ന് തുടങ്ങിയ പ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്ക് ഏക ആശ്രയമായിരുന്നു ഈ വിദ്യാലയം.

ഏലപ്പാറ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്ന ഈ വിദ്യാലയത്തിൽ പ്രീ പ്രൈമറി മുതൽ 7 വരെ ക്ലാസുകളിലായി ഇപ്പോൾ 368 കുട്ടികൾ പഠിക്കുന്നു. ഹെഡ്മാസ്റ്റർ ഉൾപ്പെടെ 22 അധ്യാപകരും, ഒരു ഓഫീസ് അസിസ്റ്റന്റും, ഒരു പി.റ്റി.സി.എം-ഉം ഇവിടെ ജീവനക്കാരായി ഉണ്ട്. അക്കാദമിക കലാ കായിക പ്രവർത്തനങ്ങളിൽ വിദ്യാലയം മികച്ച നിലവാരം പുലർത്തുന്നു.

# ഉള്ളടക്കം


- ലക്ഷ്യങ്ങൾ
- അധ്യാപകരും വിവരങ്ങളും 2025-26
- നിലവിലുള്ള ഭൗതീക സാഹചര്യം
- മേന്മകൾ
- പ്രശ്നങ്ങൾ/വെല്ലുവിളികൾ
- അക്കാദമിക മാസ്റ്റർപ്ലാൻ
- വിഷയാടിസ്ഥാനത്തിലുള്ള വിവര ശേഖരണം

**<u>ലക്ഷ്യങ്ങൾ</u>**

1. ഓരോ ക്ലാസുകളിലും ഓരോ വിഷയങ്ങളിലും ആയി ബന്ധപ്പെട്ട നേടേണ്ട മുഴുവൻ ശേഷികളും കുട്ടിക്ക് ലഭ്യമായെന്ന് ഉറപ്പാക്കുക.
2. ഓരോ കുട്ടിയിലും ഉള്ള കഴിവുകൾ കണ്ടെത്തുകയും അത് പരിപോഷിപ്പിക്കാൻ ആവശ്യമായ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക.
3. കുട്ടിക്ക് മികവാർന്ന പഠനാന്തരീക്ഷവും ഭൗതിക സാഹചര്യങ്ങളും ഒരുക്കി കൊടുക്കുക
4. ഓരോ വിഷയവുമായി ബന്ധപ്പെട്ട് മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്നതിന് അധ്യാപകർക്ക് വിവിധ പരിശീലനങ്ങൾ നൽകുക.
5. ഐ സി ടി അധിഷ്ഠിത പഠനത്തിന് ആവശ്യമായ ഭൗതിക സൗകര്യങ്ങളും അക്കാദമിക് തയ്യാറെടുപ്പുകളും ഉറപ്പാക്കുക
6. മുഴുവൻ ക്ലാസുകളിലും ഐ സി ടി സാധ്യത ഉറപ്പുവരുത്തുക
7. പാഠ്യ-പാഠേതര പ്രവർത്തനങ്ങൾക്കാവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുക
8. ഗവേഷണാത്മക അധ്യാപനത്തിനും പഠനത്തിനും അവസരമൊരുക്കുക.
9. പഠന പിന്നോക്കാവസ്ഥ നേരിടുന്നവരെ കണ്ടെത്തി അവർക്കാവശ്യമായ ക്ലാസുകളും പഠന തന്ത്രങ്ങളും ആവിഷ്കരിക്കുക.
10. വിദ്യാലയം തന്നെ പാഠപുസ്തകം എന്ന രീതിയിലേക്ക് വിദ്യാലയത്തിന്റെ ഭൗതീകാന്തരീക്ഷം മാറ്റിയെടുക്കുക.

11. ഓരോ കുട്ടിയേയും ഓരോ യൂണിറ്റായി പരിഗണിച്ച് ആവശ്യമായ പിന്തുണ നൽകുക, സ്വയം വിലയിരുത്തലിനും മെച്ചപ്പെടുത്തലിനും അവസരമൊരുക്കുക.
12. മുഴുവൻ കുട്ടികൾക്കും ശാസ്ത്ര പഠനത്തിലെ എല്ലാ നൈപുണികളും സ്വായത്തമാക്കാൻ ഉതകുംവിധം ലാബുകൾ സജ്ജമാക്കുക
13. പഠനയാത്രകൾ, പഠന ക്യാമ്പുകൾ, ശില്പശാലകൾ, വിദഗ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ, പ്രോജക്ടുകൾ തുടങ്ങിയ വൈവിധ്യമാർന്ന പഠന തന്ത്രങ്ങൾ പ്രയോജനപ്പെടുത്തുക.
14. പുതിയ തലമുറയിൽ കൃഷിയോടുള്ള താല്പര്യം വളർത്തുക
15. ലഹരി വസ്തുക്കളുടെ ഉപയോഗത്തിൽ നിന്ന് കുട്ടികളെ അകറ്റുക അതിന്റെ ദൂഷ്യവശങ്ങളെക്കുറിച്ച് അവരെ ബോധവാന്മാരാക്കുക
16. പ്ലാസ്റ്റിക് മുക്ത വിദ്യാലയം എന്ന ലക്ഷ്യം സാധ്യമാക്കുക
17. ജൈവ വൈവിധ്യ ഉദ്യാനം, ഔഷധ ഉദ്യാനം, ജൈവ പച്ചക്കറി തോട്ടം എന്നിവയുടെ നിർമ്മാണവും സംരക്ഷണവും.
18. പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്ക് പ്രത്യേക പരിഗണന നൽകി മുഖ്യധാരയിലേക്ക് എത്തിക്കുക.
19. തൊഴിൽ അധിഷ്ഠിത വിദ്യാഭ്യാസത്തിന് അവസരം ഒരുക്കുക
20. കുട്ടികൾക്കായി ഗൈഡൻസ് കൗൺസിലിംഗ് സൗകര്യങ്ങൾ ഒരുക്കുക.
21. സമൂഹവുമായി വിദ്യാലയത്തെ ബന്ധിപ്പിക്കുന്നതിനുള്ള പരമാവധി പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
22. പ്രാദേശികമായി ലഭ്യമായ റിസോഴ്സുകളെ/ വിഭവങ്ങളെ പഠന പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തുക.

23. കുട്ടികളിൽ വായനയെ പരിപോഷിപ്പിക്കുന്നതിനായി ലൈബ്രറി ശാക്തീകരണം നടപ്പിലാക്കുക

24. മാലിന്യ സംസ്കരണത്തിന് സാധ്യമായ വിവിധ മാർഗങ്ങൾ വിദ്യാലയത്തിൽ നടപ്പിലാക്കുക.

25. ഉച്ചഭക്ഷണം കൂടുതൽ വൈവിധ്യവും ജനകീയവും ആക്കുക.

26. കുട്ടികളിലെ കായിക ക്ഷമത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ രീതിയിൽ കായിക പ്രവർത്തനങ്ങൾ നടപ്പിലാക്കുക.

27. ടാലന്റ് ലാബ് എന്ന ആശയം നടപ്പിലാക്കുക

28. Hello World, E-Cube എന്നിവയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുക

29. Creative Corner –ന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തി പഠന പ്രവർത്തനങ്ങൾ കൂടുതൽ ലളിതവും ആസ്വാദ്യകരവുമാക്കുക

## അധ്യാപകരും വിവരങ്ങളും 2025–2026

| | അധ്യാപകന്റെ പേര് | സബ്ജക്ട് കൗൺസിൽ | ക്ലബ്ബ്/ചുമതല |
|---|---|---|---|
| 1 | Sangili. L | HM | |
| 2 | Sherli Thomas | Malayalam, S.S | Senior Assistant School Bus in-charge |
| 3 | Alphonsa G. | Class IV, Tamil | JRC, Health Anti drug |
| 4 | Rekha A.P. | Malayalam, B.S | Eco Club, Vegetable garden, Nature club |
| 5 | Manjusha P.M | Class IV, English | SRG, Science Club |
| 6 | Nesmi P Latheef | Class I Malayalam | Arts Club |
| 7 | Mouthamma.K | Class-I, Tamil | Noon Meal, Sports |
| 8 | Shahida.K | B.S., Maths, S.S | Science Club, Noon feeding |
| 9 | Bindu Skaria | Maths, Malayalam, S.S | Maths, Noon feeing, Discipline, Arts |
| 10 | Deepa S.G. | Class II-Malayalam | Work Experience, Eco Club, Noon feeding, Vegetable garden, discipline |
| 11 | Nayana Francis | English, Maths | SRG (UP), PSITC, English Club |
| 12 | Karthika Krishnankutty | Class I- English | Staff Secretary Sports Noon feeding |
| 13 | Sreekutty.S | Class III-English | Arts Club English Club |
| 14 | Lismariya Sebastian | Class IV- Malayalam | Vidyarangam Library Malayalam Club Social Science |

| | | | |
|---|---|---|---|
| 15 | Shajela S. | Class II Tamil | Maths club |
| 16 | Reshma.R | Class III- Tamil | Vidhyarangam<br>Library<br>Malayalam Club |
| 17 | Remya K Ravindran | English, S.S | Social Science<br>Creative Corner |
| 18 | Divyamol A.P. | Class III, Malayalam | Sports |
| 19 | Sunithamol P.S. | Pre Primary | Work experience |
| 20 | Vinitha.M | Full time language teacher- Hindi | Hindi Club<br>IT |
| 21 | Rabinraj.R. | Class VII Tamil | Sports<br>Discipline |
| 22 | Sukailareshma T | Class VI-Tamil | Work experience |
| 23 | Praveen | Class V-Tamil | Eco Club<br>Sports |
| 24 | Sijimol.E.S. | Special Teacher (W.E) | |
| 25 | Sofiya Joseph | Special Teacher (SPE) | |
| 26 | Pratap P | Special Teacher | |

# നിലവിലുള്ള ഭൗതീക സാഹചര്യങ്ങൾ

| | വിഭാഗം | നിലവിലുള്ളത് | ആവശ്യമുള്ളത് |
|---|---|---|---|
| 1 | ക്ലാസ്സ് മുറികൾ | 14 | 3 എണ്ണം നവീകരിക്കണം |
| 2 | പ്രീ പ്രൈമറി ക്ലാസ്സ് റൂം | 1 | |
| 3 | സ്മാർട്ട് ക്ലാസ്സ് റൂം | 6 | |
| 4 | കമ്പ്യൂട്ടർ ലാബ് | 1 | |
| 5 | Desk top Computer | 10 | |
| 6 | Laptop | 15 | |
| 7 | Tab | 25 | |
| 8 | Projector | 9 | |
| 9 | Sound System | 1 | |
| 10 | Lab | | |
| 11 | അടുക്കള | 1 | |
| 12 | കുഴൽ കിണർ | 2 | 1 ആവശ്യമുണ്ട് |
| 13 | മഴവെള്ള സംഭരണി | 1 | |
| 14 | സ്റ്റേജ് | 1 | |
| 15 | ചുറ്റുമതിൽ | ഉണ്ട് | പൂർത്തിയാക്കണം |
| 16 | School Bus | 1 | |
| 17 | Girls Toilet | 14 | |
| 18 | Boys Toilet (Urinals) | 14 | |
| 19 | സ്വന്തമായി കളിസ്ഥലം | | ചുറ്റുമതിലോടുകൂടിയ കളിസ്ഥലം |
| 20 | Wash Area | 1 | UP- Section Building 1 എണ്ണം |
| 21 | White Board | 3 | എല്ലാ ക്ലാസ് റൂമുകളിലും white Board സ്ഥാപിക്കണം |

## മേന്മകൾ

1. പ്രഗൽഭരായ അധ്യാപകരുടെ സേവനം
2. ICT അധിഷ്ഠിത ക്ലാസ്
3. വിവിധ ക്ലബ്ബുകളുടെ പ്രവർത്തനം, ദിനാചരണങ്ങൾ
4. പോഷക സമൃദ്ധമായ പ്രഭാത ഭക്ഷണം, ഉച്ചഭക്ഷണം
5. അടുക്കളത്തോട്ടം
6. വിശാലമായ കളിസ്ഥലം, പാർക്ക്
7. പഠനവിടവില്ലാത്ത ക്ലാസ് അനുഭവങ്ങൾ
8. ഉൾചേർക്കൽ വിദ്യാഭ്യാസവും അനുരൂപീകരണവും
9. LSS,USS തുടങ്ങിയ മത്സരപരീക്ഷകൾക്കുള്ള പ്രത്യേക പരിശീലനം
10. ശാസ്ത്ര-ഗണിത ശാസ്ത്ര സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയമേളകളിൽ മികച്ച പരിശീലനം.
11. കലാകായിക മേളകളിൽ ഉന്നത വിജയം
12. പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്കായി സ്പെഷ്യൽ എജ്യൂക്കേറ്റർ, ഫിസിയോതെറാപ്പിസ്റ്റ് എന്നിവരുടെ സേവനം.
13. പ്രീമെട്രിക് സ്കോളർഷിപ്പ്
14. സ്കൂൾ വാഹന സൗകര്യം
15. യു.പി തലത്തിൽ അത്യാധുനിക സൗകര്യങ്ങളോടുകൂടിയ ക്ലാസ് മുറികൾ
16. മോഡൽ പ്രീ-പ്രൈമറി വിഭാഗം
17. സജീവമായ PTA, MPTA
18. വിദ്യാർഥികൾക്കും രക്ഷിതാക്കൾക്കുമായുള്ള ബോധവൽക്കരണ ക്ലാസ്സുകൾ
19. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പഠനോപകരണ വിതരണം
20. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പരിശീലനം
21. കലാമത്സരങ്ങളിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം
22. കായിക ഇനങ്ങളിൽ കഴിവുള്ള കുട്ടികളെ കണ്ടെത്തി പ്രത്യേക പരിശീലനം
23. കുട്ടികൾക്ക് അനുഭവ പഠനം സാധ്യമാക്കുന്ന തരത്തിലുള്ള സ്കൂൾ പരിസരവും, ജൈവ വൈവിധ്യ ഉദ്യാനവും

## പ്രശ്നങ്ങൾ വെല്ലുവിളികൾ

**അക്കാദമികം**

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠന നേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല
2. മുഴുവൻ സമയ റിസോഴ്സ് അധ്യാപകരുടെ കുറവ്
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ചു കൊണ്ടുള്ള പാഠ്യപദ്ധതിയുടെ അഭാവം.
4. 10 ശതമാനം കുട്ടികൾക്ക് അടിസ്ഥാനശേഷി കൈവരിക്കാൻ സാധിക്കുന്നില്ല
5. ശരിയായ കായിക ക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല
6. ചില കുട്ടികൾക്ക് മലയാളം, ഇംഗ്ലീഷ്, ഹിന്ദി, ഗണിതം എന്നീ വിഷയങ്ങളിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല.
7. പ്രാദേശിക ഭാഷയുടെ അതിപ്രസരം പഠനബോധന പ്രക്രിയയെ ബാധിക്കുന്നു.
8. പഠനപ്രക്രിയ പൂർണമായും വൈവിധ്യമുള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല.
9. ക്ലാസ് ലൈബ്രറി ശാക്തീകരണം പൂർണ തോതിൽ നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല.
10. കുട്ടികൾക്ക് ആവശ്യമായ ഗൈഡൻസ് കൗൺസിലിംഗ് നൽകാൻ ആവശ്യമായ ശാസ്ത്രീയ മാർഗങ്ങളുടെ അഭാവം.
11. പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ക്ലബ്ബ് പ്രവർത്തനങ്ങൾ മാറുന്നില്ല.

12. വ്യത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം.
13. കലാസാംസ്കാരിക പ്രവർത്തനങ്ങളിൽ എല്ലാ കുട്ടികളുടെയും പങ്കാളിത്തം ഉണ്ടാകുന്നില്ല

**ഭൗതികം**

1. റിസോഴ്സ് റൂമുകളുടെ അഭാവം.
2. ഭൂമിശാസ്ത്രപരമായ ഘടന
3. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല
4. ടോയ്‌ലറ്റുകൾ വൃത്തിയായി സൂക്ഷിക്കുവാൻ കഴിയുന്നില്ല.
5. കലാകായിക പ്രവർത്തനങ്ങൾക്കാവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ കഴിയുന്നില്ല.
6. ഭാഷാ ലാബ് പ്രവർത്തനക്ഷമമായിട്ടില്ല.
7. വിദ്യാലയം ഒരുപാഠപുസ്തകം എന്ന അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല

**സാമൂഹികം**

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ സാമൂഹ്യപ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇനിയും ലഭിക്കേണ്ടതുണ്ട്.
2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമ പരിരക്ഷയെ കുറിച്ച് സമൂഹത്തിന് ധാരണയില്ല.

3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സാമൂഹ്യപങ്കാളിത്തം ഉറപ്പാക്കുന്നില്ല
4. പ്രാദേശിക വിഭവ ഭൂപടം തയ്യാറാക്കി പ്രദേശത്തെ ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല
5. കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച് ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല
6. കലാകായിക പ്രവർത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിപ്പിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല -മലയാളം**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| അക്ഷരങ്ങൾ, ചിഹ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള ധാരണക്കുറവ് | അക്ഷര കാർഡുകൾ, അക്ഷര പോക്കറ്റ് എന്നിവയുടെ സഹായത്താൽ അക്ഷരങ്ങൾ ഉറപ്പിക്കുകയും, ICT- പ്രയോജനപ്പെടുത്തി സ്വരങ്ങളും, ചിഹ്നങ്ങളും ഉറപ്പിക്കുന്നു | ജൂൺ 2025 മുതൽ മാർച്ച് വരെ | 5,000/- | PTA<br>SRG |
| വാക്കുകൾ, ലഘുവാക്യങ്ങൾ എന്നിവയുടെ ഘടനയെക്കുറിച്ചുള്ള വ്യക്തതയില്ലായ്മ | വായനാ കാർഡ്, സംയുക്ത ഡയറി, സചിത്ര ബുക്ക് എന്നിവയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ അവയുടെ കൃത്യമായ അവലോകനവും തിരുത്തലുകളും | 2025-26 | 3,000/- | Staff |
| ഭാഷാ വ്യവഹാര രൂപങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ് | വിവിധ വ്യവഹാരങ്ങൾ പരിചയപ്പെടുന്നതിനും വായിക്കുന്നതിനുമുള്ള അവസരങ്ങൾ ഒരുക്കുക. പാഠഭാഗവുമായി ബന്ധപ്പെട്ട വ്യവഹാര രൂപങ്ങളുടെ രചന, ശേഖരണം, അവതരണം | 2025-26 | 2,000/- | Staff |
| കടങ്കഥകൾ, പഴഞ്ചൊല്ലുകൾ, ശൈലികൾ, നാടൻപാട്ടുകൾ, നാടൻ കലകൾ, കേരളീയ കലാരൂപങ്ങൾ എന്നിവയെക്കുറിച്ചുള്ള അവ്യക്തത | ഇത്തരം കാര്യങ്ങൾ പരിചയപ്പെടാനും കലാകാരന്മാരുമായി നേരിട്ട് സംവദിക്കുവാനും അവസരം ഒരുക്കുന്നു. | 2025-26 | 5,000/- | PTA<br>Staff |
| സർഗാത്മക രചന, സ്വതന്ത്ര രചന എന്നിവയിലുള്ള താല്പര്യക്കുറവ് | വിവധ മത്സരപരിപാടികൾ നടത്തുന്നു. പ്രോത്സാഹന സമ്മാനം നൽകുന്നു. അവതരണത്തിനും പ്രസിദ്ധീകരണത്തിനും അവസരം നൽകുന്നു. | 2025-26 | 7,000/- | PTA<br>Staff<br>പൂർവ്വ വിദ്യാർത്ഥികൾ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല English**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| Inefficiency to identify alphabets and it's Sounds | • ICT (Audio- Video Clippings)<br>• Letter cards, Alphabet games | 2025-26 | 3,000/- | SRG<br>Staff |
| Defective Pronunciation | • Audio-video clipping on correct pronunciation<br>• Language lab<br>• E-Cube<br>• Readers Theatre | 2025 | 1,500 | BRC<br>Teachers & Students<br>PTA, MTA |
| Insufficient vocabulary | • Making sentence card<br>• Correct sentence structure with ICT facilities<br>• English bulletin | 2025 | 7,000/- | Teachers & Students |
| Illegible handwriting | • Use of fourline note book<br>• Writing with ICT facilities<br>• Peer Group learning | 2025-26 | 500 | Teachers & Students |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല - ഗണിതം**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| സംഖ്യാബോധത്തിലുള്ള വ്യക്തതക്കുറവ് | • ലളിതവും പ്രവർത്തനാധിഷ്ഠിതവുമായ ക്ലാസ്റൂം പ്രവർത്തനങ്ങൾ<br>• സംഖ്യാ പോക്കറ്റ്, സംഖ്യാ കാർഡ്, അബാക്കസ് തുടങ്ങിയവയുടെ ഉപയോഗം | 2025-26 | 2,000/- | Teachers & Students |
| ചതുഷ് ക്രിയകൾ വേണ്ടവിധത്തിൽ ഉറയ്ക്കാത്തത് | • ഗണിത പസ്സിൽ, വർക്ക് ഷീറ്റുകൾ | 2025-26 | 500/- | Teachers & Students |
| നിത്യജീവിതത്തിലെ പ്രശ്ന നിർദ്ധാരണത്തിന് തടസ്സം നേരിടുന്നു | • പാഠഭാഗവുമായി ബന്ധപ്പെട്ടും, അല്ലാതെയും ഉള്ള ഗണിതാശയങ്ങളെ നിത്യജീവിതവുമായി ബന്ധപ്പെടുത്തുന്നു<br>• ഗണിത ലാബ്, ഗണിത ക്ലബ് എന്നിവയുടെ പ്രവർത്തനം | 2025 | 500/- | Teachers, Students & Parents |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല - പരിസരപഠനം**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| പ്രകൃതിയും, പ്രകൃതി വിഭവങ്ങളെയും കുറിച്ചുള്ള അറിവില്ലായ്മ | പ്രകൃതി നടത്തം, Nature camp ശേഖരണം, ലഘു പ്രോജക്ട് | 2025-26 | 10,000/- | HM, Teachers Science club |
| പരീക്ഷണ- നിരീക്ഷണങ്ങളിലെ താല്പര്യക്കുറവ് | ലഘു പരീക്ഷണം, നിരീക്ഷണങ്ങൾക്കുള്ള അവസരം | 2025-26 | 500/- | Teachers & Students |
| പാരിസ്ഥിതിക പ്രശ്നങ്ങളെ കുറിച്ചുള്ള അറിവില്ലായ്മ | ബോധവത്ക്കരണ ക്ലാസുകൾ ക്ലബ് പ്രവർത്തനങ്ങൾ | 2025-26 | 6,000/- | PTA, MPTA Staff Science Club |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല -മലയാളം**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ഭാഷാപരമായ ശേഷി രാഹിത്യം | ജൂൺ ആദ്യവാരം തന്നെ കുട്ടികളുടെ അടിസ്ഥാന ശേഷി പരിശോധന പൂർത്തിയാക്കുന്നു. | 2025 | 2,000/- | PTA<br>SRG |
| വ്യത്യസ്ത സാംസ്കാരിക തലങ്ങൾ പരിചയപ്പെടുന്നതിന് | **പഠനക്യാമ്പുകൾ**<br>വ്യത്യസ്ത കലാരൂപങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കുട്ടികൾക്കായി വിവിധ ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. | ജൂൺ 2025 മുതൽ മാർച്ച് വരെ | 10,000/- | PTA |
| | **പാവനാടകം ശിൽപശാല**<br>കുട്ടികൾ, രക്ഷിതാക്കൾ, അദ്ധ്യാപകർ എന്നിവരെ ഉൾപ്പെടുത്തിക്കൊണ്ട് പാവനിർമ്മാണ ശിൽപശാല (പാഠഭാഗത്തിനനുയോജ്യമായി) | 2025<br>രണ്ടാം പാദം | 20,000/- | PTA<br>Staff |
| മലയാളവുമായി ബന്ധപ്പെടുത്തി സ്കൂൾ പഠനാന്തരീക്ഷം ആകർഷകമാക്കൽ | സാഹിത്യകാരൻമാരുടെ ചിത്രങ്ങൾ, കഥാസന്ദർഭങ്ങൾ എന്നിവ ഉൾപ്പെടുത്തി സ്കൂൾ ചുമരുകളിൽ ചിത്രങ്ങൾ വരയ്ക്കുന്നു. | 2025-26 | 15,000/- | പൂർവ്വ വിദ്യാർത്ഥികൾ |
| ഭാഷയുമായി ബന്ധപ്പെട്ട ഉയർന്ന സാഹിത്യശേഷികൾ കൈവരിക്കൽ | **സാഹിത്യചുമർ**<br>കുട്ടികൾ അവർ തയ്യാറാക്കിയ സൃഷ്ടികൾ സ്കൂളിൽ പ്രത്യേകം സജ്ജമാക്കിയ സാഹിത്യചുമരിൽ പ്രദർശിപ്പിക്കുന്നു. ഓരോ മാസത്തെയും സൃഷ്ടികൾ ചേർത്ത് മാസികകൾ തയ്യാറാക്കുന്നു. | 2025 മുതൽ | 1,000/- | മലയാളം ക്ലബ് |
| ഭാഷാപരമായ അടിസ്ഥാന ശേഷികൾ കൈവരിക്കൽ | 1. ഭാഷാപരമായി പിന്നാക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു. വായന, എഴുത്ത് പഠനക്ലാസുകളിൽ ഈ വർക്ക് ഷീറ്റുകൾ ഉപയോഗിക്കുന്നു.<br>2. കുട്ടികൾക്ക് ഏത് സമയത്തും വന്ന് വായിക്കാൻ | 2025<br>ആദ്യപാദം | 5,000/- | വിദ്യാരംഗം ലൈബ്രറി ഫണ്ട് പി.ടി.എ |

| | | | | |
|---|---|---|---|---|
| | പറ്റുന്ന രീതിയിൽ വായനാമൂല സജ്ജീകരിക്കുന്നു. വിവിധ നിലവാരക്കാർക്ക് അനുസൃതമായ പുസ്തകങ്ങൾ, മാഗസിനുകൾ എന്നിവ ലഭ്യമാക്കുന്നു. | | | |
| ഭാഷാപഠനം ലളിതവും ആകർഷവുമാക്കൽ | 1. കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കുന്നതിനായി ഭാഷാലാബ് തയ്യാറാക്കുന്നു.<br>2. ഇന്റർനെറ്റിൽ ലഭ്യമായ പുസ്തകങ്ങൾ ചേർത്തു കൊണ്ട് ഡിജിറ്റൽ ലൈബ്രറി തയ്യാറാക്കുന്നു. | 2025-26 | 25,000/- | പൂർവ്വ വിദ്യാർത്ഥികൾ ബി.ആർ.സി |
| ആധുനിക സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തൽ | 5,6,7 ക്ലാസുകളിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഐ സി ടി സാധ്യതകൾ കണ്ടെത്തുന്നു. പഠനവിഭവങ്ങൾ തയ്യാറാക്കുന്നു. | 2025 ആദ്യപാദം | 2,000/- | മലയാളം ക്ലബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല English**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| Defective Pronunciation | • Audio-video clipping on correct pronunciation<br>• Classes on phonetics by experts<br>• Language lab<br>• Video clippings<br>• Readers Theatre | 2025-26 | 50,000 | BRC<br>Teachers<br>PTA, MTA |
| Lack of communication skill | • Conducting debates and seminars<br>• Conducting English fest<br>• Theatre Workshop<br>• Formation of English club<br>• English Assembly<br>• English chatting through Skype, messenger etc<br>• Developing translation skills | 2025-26 | 80,000/- | PTA, MTA<br>BRC<br>Teachers |
| Addressing slow pace learners | • TM and TLM addressing the slow pace learners<br>• Special coaching class for slow pace learners<br>• Conducting action research on slow pace learners | 2025 | 20,000 | English<br>Teachers |
| Support to gifted children | • Special coaching classes using language experts | 2025 | 20,000/- | PTA |
| Insufficient vocabulary | • Making sentence cards<br>• using sentence cards in classes<br>• Correct sentence structure with ICT facilities<br>• Publishing magazines in English<br>• English bulletin | 2025 | 10,000/- | HM<br>Teachers |

| | | | | |
|---|---|---|---|---|
| | • Writing Blog<br>• Playing equipments for learning English | | | |
| Defective sentence pattern | • Making sentence cards<br>• Using sentence cards in the classroom<br>• Publishing magazines in English<br>• English diary | 2025 | 1500/- | Teachers and students |
| Illegible handwriting | • Writing with ICT facilities<br>• Peer Group learning<br>• English diary<br>• English pen friends | 2025 | 500 | Teacfhers and students |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല - ഹിന്ദി**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും അടിസ്ഥാന ശേഷിക്കുറവ് | • ഹിന്ദി ഗ്രന്ഥശാല സ്ഥാപിക്കുക<br>• വായനകാർഡ് നിർമ്മാണം<br>• ഹിന്ദി ദിനാചരണങ്ങൾ<br>• ഹിന്ദി അസംബ്ലി<br>• ഹിന്ദി വാർത്താ വായന | 1 വർഷം | 10,000/- | സ്കൂൾ ഫണ്ട് |
| ഹിന്ദി അന്തരീക്ഷം, എഴുത്ത് മെച്ചപ്പെടുത്തൽ | • ഹിന്ദി സാഹിത്യകാരൻമാരുടെ പേര് ചിത്ര ആൽബത്തിൽ എഴുതുക<br>• നാടകഗ്രൂപ്പ് | 6 മാസം | 5,000/- | S.S.A |
| ഹിന്ദി ഭാഷയോട് അവഗണന | • ഹിന്ദി ക്യാമ്പ്<br>• ഹിന്ദി ഫെസ്റ്റ്<br>• 7-ാം ക്ലാസിൽ സുഗമഹിന്ദി പരീക്ഷ നടത്തുന്നു.<br>• ഒന്നാം ക്ലാസു മുതൽ ഹിന്ദി പഠിക്കാനുള്ള അവസരം സൃഷ്ടിക്കുക | 2025 | 10,000/- | സ്പോൺസർ ചെയ്യിക്കുന്നു. |
| പദപരിചയം ഐ.ടി പരിജ്ഞാനക്കുറവ് | • 5-ാം ക്ലാസിൽ കാർഡ് നിർമ്മാണം, പദനിർമ്മാണ മത്സരം<br>• അക്ഷരക്കളി, ലൈബ്രറി ഉപയോഗം<br>• 6, 7 ക്ലാസ് വർക്ക് ഷീറ്റ് നിർമ്മാണം, ഐ.ടി ലഭ്യത | ആഗസ്റ്റ് സെപ്റ്റംബർ | 2,000/- | എസ്.എസ്.എ |
| ഹിന്ദി ഭാഷയോട് താല്പര്യക്കുറവ് | • ഹിന്ദിയിൽ ലഭ്യമായ കാർട്ടൂൺ, കഥകൾ, സിനിമ എന്നിവയുടെ പ്രദർശനം | 2025 | | |
| ഹിന്ദി അന്തരീക്ഷം ഇല്ലായ്മ | • ഹിന്ദി വിദഗ്ധരുമായി ആശയവിനിമയം<br>• ഗസ്റ്റ് അധ്യാപകരുടെ സേവനം ഉറപ്പിക്കുക. | ഇടവേളകളിൽ | 2,000/- | പി.ടി.എ ഹിന്ദി എസ്.ആർ.ജി |
| ഹിന്ദി ആശയ പ്രകടനത്തിന് ബുദ്ധിമുട്ട് | • സ്പോക്കൺ ഹിന്ദി ക്ലാസുകൾ ഒഴിവുദിവസങ്ങളിൽ | ആഴ്ചയിൽ | 3,000/- | പി.ടി.എ |
| പ്രതിഭകൾക്ക് ക്ലാസ് ലഭിക്കുന്നില്ല | • പഠനത്തോടൊപ്പം പദ്ധതി- യു.പി.സ്കൂൾ പഠനത്തോടൊപ്പം ചെറിയ കോഴ്സുകൾ നൽകുക | മാസത്തിൽ | 10,000/- | രക്ഷിതാവ് പി.ടി.എ |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല - അടിസ്ഥാന ശാസ്ത്രം**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| 5, 6, 7 ക്ലാസുകളിൽ പാഠ്യപദ്ധതിയിൽ പറഞ്ഞിരിക്കുന്ന മുഴുവൻ പഠനനേട്ടങ്ങൾക്കും കുട്ടികളെ അർഹരാക്കുക | • 5, 6, 7 ക്ലാസുകളിലെ മുഴുവൻ പാഠഭാഗങ്ങളും ഉൾക്കൊള്ളിച്ചുകൊണ്ട് വർക്ക് ഷീറ്റുകൾ തയ്യാറാക്കുന്നു.<br>• നിരന്തര മൂല്യനിർണ്ണയത്തിനാവശ്യമായ ടൂളുകൾ യൂണിറ്റ് ടെസ്റ്റുകൾ എന്നിവ നടത്തുന്നു.<br>• ഉപകരണ നിർമ്മാണ ശിൽപശാല നടത്തി ക്ലാസ് ലാബ് തയ്യാറാക്കുന്നു. | 2025 ആദ്യപാദം<br>എല്ലാ വർഷവും<br>എല്ലാ വർഷവും | 35,000/- | സയൻസ് ക്ലബ് |
| ശാസ്ത്രത്തിന്റെ പ്രക്രിയാ ശേഷികളിൽ മുഴുവൻ കുട്ടികളേയും നിശ്ചിത നിലവാരത്തിൽ എത്തിക്കുക | • സ്കൂൾ ലാബ് ശാക്തീകരണം, വിഭവ ശേഖരണം<br>• എല്ലാ ക്ലാസുകളിലും സയൻസ് ലാബ്/ ശാസ്ത്ര കോർണർ<br>• എല്ലാവർക്കും ശാസ്ത്ര പരീക്ഷണങ്ങൾ ചെയ്യാൻ അവസരം നൽകുന്ന രീതിയിൽ ആഴ്ചയിൽ നടത്തുന്ന സയൻസ് മാജിക്ക് ഷോ<br>• കുട്ടിക്കൊരു ശാസ്ത്രക്കിറ്റ് | എല്ലാ വർഷവും<br>സി.വി.രാമൻ ദിനം<br>എല്ലാ വർഷവും | 75,000/- | പി.ടി.എ, മാനേജിംഗ് കമ്മിറ്റി സയൻസ് ക്ലബ് |
| ശാസ്ത്ര സർഗാത്മകതയ്ക്കുള്ള അവസരങ്ങൾ കുറവ് | • സ്കൂൾ ശാസ്ത്ര ലൈബ്രറി<br>• വിദഗ്ദ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസുകൾ<br>• ശാസ്ത്ര നാടകങ്ങൾ, പരീക്ഷണക്കളരികൾ | 2025-26<br>എല്ലാ വർഷവും | 25,000/- | പി.ടി.എ പൂർവ്വ വിദ്യാർത്ഥികൾ, സയൻസ് ക്ലബ് |
| ആധുനിക സാങ്കേതിക വിദ്യകൾ പ്രയോജനപ്പെടുത്തുന്നതിലെ കുറവ് പരിഹരിക്കുക | • ഐ.സി.ടി വഭവങ്ങൾ തയ്യാറാക്കൽ<br>• ഡിജിറ്റൽ റ്റി.എം<br>• ഡിജിറ്റൽ ലൈവ് ക്ലാസുകൾ<br>• മൊബൈൽ ആപ്ലിക്കേഷൻ നിർമ്മാണം | 2025-26<br>എല്ലാ വർഷവും | 15,000/- | സയൻസ് ക്ലബ് |
| കുട്ടികളിലെ ശാസ്ത്രീയ മനോഭാവം കുറയുന്നു | • ശാസ്ത്ര പഠനവുമായി ബന്ധപ്പെട്ട ഫീൽഡ് ട്രിപ്പുകൾ സംഘടിപ്പിക്കുന്നു | എല്ലാ വർഷവും | 5,000/- | പി.ടി.എ, പൂർവ്വ |

| | | | | |
|---|---|---|---|---|
| | • അങ്ങാടികളെ കേന്ദ്രീകരിച്ചുള്ള ശാസ്ത്ര സന്ധ്യകൾ, വാനനിരീക്ഷണ ക്ലാസുകൾ എന്നിവ സംഘടിപ്പിക്കുന്നു | | | വിദ്യാർത്ഥികൾ, മാനേജിംഗ് കമ്മിറ്റി, സയൻസ് ക്ലബ് |
| സ്കൂളിലെ ശാസ്ത്ര പഠനാന്തരീക്ഷം മെച്ചപ്പെടുത്തൽ | • പാഠഭാഗങ്ങളിലെ ആശയങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ചുമർ ചിത്രങ്ങൾ വരയ്ക്കുന്നു<br>• എല്ലാ ക്ലാസുകളിലും വിസ്മയ ചുമർ നിർമ്മിക്കുന്നു | 2025-26 | 41,000/- | പി.ടി.എ, പൂർവ്വ വിദ്യാർത്ഥികൾ, മാനേജിംഗ് കമ്മിറ്റി, സയൻസ് ക്ലബ് |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല - സോഷ്യൽ സയൻസ്**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| കുട്ടികൾക്ക് പ്രദേശത്തെക്കുറിച്ച് വ്യക്തമായ ധാരണയില്ല | • പ്രാദേശിക ഭൂപടം തയ്യാറാക്കൽ<br>• ഓരോ ക്ലാസിലും ചുമരിൽ വാർഡ്, പഞ്ചായത്ത്, ജില്ല, കേരളം, ഇന്ത്യ എന്നീ ഭൂപടങ്ങൾ വരയ്ക്കുക | 6 മാസം | 3,000/- | പൂർവ്വ വിദ്യാർത്ഥി, സ്കൂൾ ഫണ്ട്, രക്ഷിതാക്കൾ, മാനേജ്മെന്റ് |
| കുട്ടികൾക്ക് പഴയ കാല ഉപകരണങ്ങളെക്കുറിച്ചുള്ള ധാരണക്കുറവ് | • വീടുകളിൽ പഴയകാലത്ത് ഉപയോഗിച്ചിരുന്ന സാധനങ്ങൾ ശേഖരിക്കൽ<br>• സ്കൂളിൽ മ്യൂസിയം തയ്യാറാക്കൽ | 5 വർഷം | 1,00,000/- | |
| പ്രാദേശിക വിഭവ സ്രോതസ്സുകൾ ഉപയോഗപ്പെടുത്തൽ | • വിദഗ്ധരായ ആളുകളുടെ ക്ലാസ് | 2025 | 1,000/- | പൂർവ്വ വിദ്യാർത്ഥി, സ്കൂൾ ഫണ്ട്, രക്ഷിതാക്കൾ, മാനേജ്മെന്റ്, എസ്.എസ്.ജി |
| പ്രാദേശിക ചരിത്രത്തെക്കുറിച്ചുള്ള ധാരണയില്ലായ്മ | • മുതിർന്ന പൗരൻമാരുമായി അഭിമുഖം<br>• ചരിത്രപ്രാധാന്യമുള്ള പ്രാദേശിക സ്ഥലങ്ങളിലേയ്ക്ക് പഠനയാത്ര<br>• പ്രാദേശിക ചരിത്രം | 2025 | | പൂർവ്വ വിദ്യാർത്ഥി, സ്കൂൾ ഫണ്ട്, രക്ഷിതാക്കൾ, മാനേജ്മെന്റ്, എസ്.എസ്.ജി |
| പാഠഭാഗവുമായി ബന്ധപ്പെട്ട ചരിത്ര സ്മാരകങ്ങൾ, സ്ഥലങ്ങൾ ഇവയെ നേരിട്ട് അനുഭവിച്ച് അറിയാനുള്ള ബുദ്ധിമുട്ട് | • സ്കൂളിൽ സാമൂഹ്യ ശാസ്ത്രവുമായി ബന്ധപ്പെട്ട ലൈബ്രറി<br>• സോഷ്യൽ സയൻസ് ലാബ്<br>• ക്ലാസിൽ സാമൂഹ്യശാസ്ത്ര കോർണർ | 2 മുതൽ 5 വർഷം വരെ | | പൂർവ്വ വിദ്യാർത്ഥി, സ്കൂൾ ഫണ്ട്, രക്ഷിതാക്കൾ, മാനേജ്മെന്റ്, എസ്.എസ്.ജി |
| ചരിത്രപ്രധാന ദിനങ്ങളെക്കുറിച്ചും ആഘോഷങ്ങളെക്കുറിച്ചുമുള്ള ധാരണക്കുറവ് | • ദിനാചരണം സംഘടിപ്പിക്കുക<br>• അഭിമുഖം<br>• വിവിധ ആഘോഷങ്ങൾ ജനകീയമായി സംഘടിപ്പിക്കുക | 2025 | | |

| | | | | |
|---|---|---|---|---|
| പൗരധർമ്മം മനസ്സിലാക്കുക | • വിദഗ്ധരുടെ ക്ലാസ് സംഘടിപ്പുക്കുക<br>• സമൂഹവുമായി ഇടപെടൽ<br>• ഫീൽഡ് ട്രിപ്പ്<br>• സ്കൂൾ പാർലമെന്റ് രൂപീകരിക്കുന്നു | 1 വർഷം | 5,000/- | പൂർവ്വ വിദ്യാർത്ഥി, സ്കൂൾ ഫണ്ട്, രക്ഷിതാക്കൾ, മാനേജ്മെന്റ്, എസ്.എസ്.ജി |
| സാമൂഹ്യ ശാസ്ത്ര അറിവുകളെ അപ്ഡേറ്റ് ചെയ്യൽ | • ബുള്ളറ്റിൻ ബോർഡ്<br>• ഡിബേറ്റ് ക്ലബ് | 2025 മുതൽ | 3,000/- | സാമൂഹ്യശാസ്ത്ര ക്ലബ് |
| ജൈവ വൈവിധ്യ പാർക്ക് നിർമ്മാണം | • ക്ലാസ് സംഘടിപ്പിക്കുക<br>• ജൈവ വൈവധ്യങ്ങളെപ്പറ്റി അവബോധം നൽകൽ<br>• പഠനയാത്ര, ജൈവ വൈവിധ്യപ്ലാൻ | 3 വർഷം | 1,00,000/- | പൂർവ്വ വിദ്യാർത്ഥി, ഫണ്ട്, മാനേജ്മെന്റ്, |
| സാമൂഹിക സേവനം മനസ്സിലാക്കൽ | • പാലിയേറ്റീവ് പ്രവർത്തകരെക്കൊണ്ട് ക്ലാസ് സംഘടിപ്പിക്കുക<br>• രോഗികളുമായി അടുത്തിടപഴകാനുള്ള അവസരം<br>• പാട്ടുവണ്ടി, പാട്ട്, പ്രസംഗം, നാടകം എന്നിവയിൽ മികവ് പുലർത്തുന്ന കുട്ടികളെ കണ്ടെത്തി സമീപപ്രദേശങ്ങളിൽ പരിപാടി സംഘടിപ്പിക്കുക<br>• ഫണ്ട് ശേഖരിച്ച് സാമുഹിക സേവനത്തിന് ഉപയോഗിക്കുക | 2 വർഷം | 5,000/-<br><br>5,000/- | സാമുഹിക പ്രവർത്തകർ<br><br>പൂർവ്വ വിദ്യാർത്ഥി, എസ്.എസ്.ജി മാനേജ്മെന്റ്, |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല - ഗണിതം**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| ശിശു സൗഹൃദ പഠന സാമഗ്രി യുടെ കുറവ് | • ഗണിത ലാബ് ശാക്തീകരണം<br>• ക്ലാസ് ഗണിത ലാബ് ശാക്തീകരണം | 2025ജൂൺ-2026 മാർച്ച് | 50,000/- | പി.റ്റി.എ, സ്റ്റാഫ്, തദ്ദേശ സ്ഥാപന ങ്ങൾ |
| മികച്ച ഗണിത ഗ്രന്ഥങ്ങളുടെ അഭാവം | • ഗണിത പുസ്തകങ്ങൾ ശേഖരിച്ച് മികച്ച ഗണിത ലൈബ്രറി ഉണ്ടാക്കുക | 2025 ജൂൺ-2025 മാർച്ച് | 50,000/- | പി.റ്റി.എ, സ്റ്റാഫ്, തദ്ദേശ സ്ഥാപന ങ്ങൾ |
| ഗണിത പഠനം രസകരവും, ആകർഷകവുമാ ക്കാൻ സാധിക്കു ന്നില്ല | • ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ<br>• ഗണിത ക്ലബ് ശാക്തീകരണം | 2025-26 | 10,000/- | ഗണിത വിഷയ സമിതി |
| ഗണിതത്തിലെ മുഴുവൻ ശേഷിയും നേടാൻ പല കുട്ടി കൾക്കും കഴിയു ന്നില്ല | • Maths Clinic<br>• Maths work sheet<br>• ഗണിത സ്കിറ്റ് അവതരണം<br>• മുന്നേറ്റം ക്ലാസുകൾ | 2025-26 June to October | 5,000/ | Maths SRG |
| ഗണിത സാഹിത്യ സൃഷ്ടികൾ പരി ചയപ്പെടാനും, സ്വയം രചനകൾ നടത്തുവാനും കഴിയുന്നില്ല, ഗണിത പഠനം വിരസമാകുന്നു | • ഗണിത മാഗസിൻ<br>• ചുമർ പത്രികകൾ,<br>• സ്കൂൾ തല ഗണിത ശാസ്ത്രമേള<br>• ചോദ്യോത്തര പെട്ടി | 2025-26 | | Maths SRG |

# അക്കാദമിക മാസ്റ്റർ പ്ലാൻ

**വിഷയാടിസ്ഥാനത്തിലുള്ള വിവരശേഖരണം- മേഖല - പി.ടി.എ**

| പ്രശ്നങ്ങൾ | പരിഹാര പ്രവർത്തനങ്ങൾ | കാലയളവ് | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|
| എസ്.എസ്.ജി യുടെ സഹായം അക്കാദമിക, അനക്കാദമികേതര പ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ | • രക്ഷിതാക്കളിൽ നിന്നും യോഗ്യരായവരുടെ വിവര ശേഖരണം.<br>• രക്ഷിതാക്കളെ പഠനപ്രവർത്തനങ്ങളിൽ ഉൾക്കൊള്ളിക്കൽ<br>• യു.എസ്.എസ്.പരിശീലനം<br>• കലാകായിക മേള<br>• മുന്നേറ്റം ക്ലാസ് | 2025-26 | 10,000/- | എസ്.എസ്.ജി/ സ്റ്റാഫ് |
| എം.പി.ടി.എ/പി.ടി.എ പ്രാതിനിധ്യക്കുറവ് | • മാസത്തിൽ നിശ്ചിത ദിവസം ജനറൽ എക്സിക്യൂട്ടീവ് യോഗം ചേരുക<br>• ബോധവത്ക്കരണ ക്ലാസുകൾ<br>• കോർണർ പി.ടി.എ<br>• ഗൃഹസമ്പർക്ക പരിപാടി<br>• ഉച്ചഭക്ഷണ പരിപാടിയിൽ പങ്കുകൊള്ളിക്കൽ<br>• കോർണർ പി.ടി.എയിൽ രക്ഷിതാവിനേയും, കുട്ടികളേയും ഉൾക്കൊള്ളിച്ച് കലാ സാംസ്ക്കാരിക പ്രവർത്തനങ്ങൾ നടത്തൽ | 2025-26 | 15,000/- | പി.ടി.എ/സ്റ്റാഫ് |
| എം.പി.ടി.എ/പി.ടി.എ സ്കൂൾ പ്രവർത്തനങ്ങൾ അറിയിക്കൽ | • ഹലോ സ്കൂൾ പ്രോജക്ട് നടപ്പിലാക്കൽ<br>• മൊബൈൽ ഫോൺ കമ്മ്യൂണിക്കേഷൻ സിസ്റ്റം<br>• എല്ലാ ദിവസവും ഓരോ രക്ഷിതാക്കൾ വീതം സ്കൂളിലേയ്ക്ക് വരാനുള്ള പ്രവർത്തനങ്ങൾ | 2025-26 | 10,000/- | സ്കൂൾ മാനേജ്മെന്റ്/ സ്റ്റാഫ് |
